# നീര ഉത്പാദിപ്പിക്കാൻ അംഗീകാരം തേടി നാളികേര ഉത്പാദകസംഘങ്ങൾ

**ചേർത്തല:** തെങ്ങിൽനിന്ന് നീര ഉത്പാദിപ്പിക്കാനുള്ള അംഗീകാരം തേടി നാളികേര ഉത്പാദക സംഘങ്ങൾ രംഗത്ത്. തണ്ണീർമുക്കം ഗ്രാമപ്പഞ്ചായത്തിൽ ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങളുടെ ഭാഗമായി 40 വരെ നാളികേര കർഷകർ ഉൾപ്പെടുന്ന സൊസൈറ്റികളും 15 വരെ സൊസൈറ്റികൾ സംയുക്തമായി നാളികേര ഉത്പാദക ഫെഡറേഷനുകളും രൂപവത്കരിച്ചിട്ടുണ്ട്.



തണ്ണീർമുക്കം തെക്ക് നാളികേര ഉത്പാദക ഫെഡറേഷൻ ഭാരവാഹികളുടെ യോഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി.പ്രിയേഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു

തണ്ണീർമുക്കം തെക്ക് നാളികേര ഉത്പാദക ഫെഡറേഷന്റെ നേതൃത്വത്തിൽ 16 സൊസൈറ്റികളുടെ യോഗം തണ്ണീർമുക്കം എൽ.പി.സ്കൂളിൽ നടന്നു. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം നേടിയവരെ വിദഗ്ധ പരിശീലനം നല്കി നീര ടെക്നീഷ്യന്മാരാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. പ്രിയേഷ്കുമാർ ഉദ്ഘാടനം ചെയ്തു.

തണ്ണീർമുക്കം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ. പത്മാവതി മുഖ്യപ്രഭാഷണം നടത്തി. ഫെഡറേഷൻ പ്രസിഡന്റ് എം.ജി. രഘുനാഥൻ നായർ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.ടി. സാജു ബ്ലോക്ക് പഞ്ചായത്തംഗം പ്രീത സാബു, ടി.എസ്. വിശ്വൻ, എം.പി. സുഗുണൻ, ജയിംസ് കുട്ടി തുടങ്ങിയവർ സംസാരിച്ചു.